**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3328** **04-08-2021 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യധാന്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അതിഥി തൊഴിലാളികൾക്ക് പൊതു വിതരണ സമ്പ്രദായത്തിലൂടെ ഭക്ഷ്യ ധാന്യങ്ങൾ നേരിട്ട് നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ? | (എ) | ഉണ്ട്. 2020 ജനുവരി മുതൽ സംസ്ഥാനത്ത് One nation one ration card എന്ന കേന്ദ്ര സർക്കാർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അത് പ്രകാരം ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ പരിധിയിൽ വരുന്ന, ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ള മറ്റ് സംസ്ഥാനങ്ങളിലെ AAY, PHH വിഭാഗങ്ങളിൽ ഉൾപ്പെടുന്ന തൊഴിലാളികൾക്ക് കേരളത്തിൽ നിന്നും റേഷൻ സാധനങ്ങൾ ലഭ്യമാക്കുന്നതാണ്. ഛത്തിസ്ഗഡ്, ആസാം, പശ്ചിമബംഗാൾ ഒഴികെയുള്ള സംസ്ഥാനങ്ങളിൽ നിന്നുള്ളവർക്ക് ടി ആനുകൂല്യം ലഭ്യമാകുന്നതാണ്. കോവിഡ് വ്യാപന സമയത്ത് തൊഴിൽ നഷ്ടപ്പെട്ട കഴിഞ്ഞിരുന്ന അതിഥി തൊഴിലാളികൾക്കും സംസ്ഥാന സർക്കാർ ഭക്ഷ്യധാന്യവിതരണം നടത്തിയിരുന്നു. ഇപ്രകാരം 2020 ഏപ്രിൽ, മെയ് മാസങ്ങളിലായി 320803 അതിഥി തൊഴിലാളികൾക്ക് 1166.52 MT അരിയും 349.994 MT ആട്ടയും വിതരണം ചെയ്തിട്ടുണ്ട്. അതിഥി തൊഴിലാളികൾക്കായുള്ള കേന്ദ്ര സർക്കാർ പദ്ധതിയായ ആത്മനിർഭർ ഭാരത് സ്കീമിന്റെ പ്രയോജനം അതിഥി തൊഴിലാളികളിൽ എത്തിക്കുന്നതിന് സംസ്ഥാന സർക്കാർ എല്ലാ ക്രമീകരണങ്ങളും നടത്തി ജില്ലാ കളക്ടർമാർ തയ്യാറാക്കിയ പട്ടിക അടിസ്ഥാനമാക്കി അനുവദിക്കപ്പെട്ട ഭക്ഷ്യധാന്യങ്ങൾ റവന്യൂ അധികൃതരുടെ സഹായത്തോടെയോ ബന്ധപ്പെട്ട ജില്ലാ കള്കടർമാർ നിർദേശിച്ച പ്രകാരം മറ്റു DLO/ALO മുഖേനയോ വിതരണം നടത്തി. കോവിഡ് 19 ഒന്നാം തരംഗം വ്യാപിച്ച 2020 ലെ ലോക്ക് ഡൗൺ കാലയളവിൽ സർക്കാർ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ അതിഥിത്തൊഴിലാളികൾക്ക് 11 ഇനങ്ങൾ ഉൾപ്പെടുത്തിയ 93762 സൗജന്യ ഭക്ഷ്യക്കിറ്റുകൾ സപ്ലൈകോ വഴി വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് |

| | | | |
|---|---|---|---|
| | | | 19 രണ്ടാം തരംഗ വ്യാപനത്തോടനുബന്ധിച്ച നിലവിലെ സാഹചര്യത്തിലും 11 ഇനങ്ങൾ ഉൾപ്പെടുത്തിയ 266201 സൗജന്യ ഭക്ഷ്യക്കിറ്റുകൾ ഇതുവരെ സപ്ലൈകോ വഴി വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ